വന്നാൽ ആ സംഘത്തിന് കൊടുക്കും; അങ്ങനെയാണ് ഇപ്പോൾ കൊടുക്കുന്നത്. സെയിൽസിന്റെ കമ്മിഷൻ മാത്രമാണ് സ്റ്റോറിൽ നിൽക്കുന്ന ജീവനക്കാർക്ക് കിട്ടുന്നത്. സംഘമാണ് നിയമിക്കുന്നത്. അല്ലാതെ പ്രത്യേക രൂപത്തിൽ കൺസ്യൂമർ ഫെഡറേഷനോ അല്ലെങ്കിൽ സഹകരണ വകുപ്പോ അല്ല നിയമിക്കുന്നത്. കമ്മിഷൻ കുറഞ്ഞാൽ അവരുടെ ജോലിയുംപോയി. കമ്മിഷനുണ്ടെങ്കിൽ തൽക്കാലത്തേയ്ക്ക് പിടിച്ചുനിൽക്കാം. അത്രയേ അതുകൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ.

ശ്രീ. ഇ.എം. അഗസ്തി : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ നിന്ന് റിക്രൂട്ട്മെന്റ് ബോർഡിനെ നിർജ്ജീവമാക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നുവോയെന്നുള്ള ഒരു സംശയമുണ്ടായിട്ടുണ്ട്. അതുപോലെതന്നെ മറുഭാഗത്തുനിന്നുള്ള അംഗങ്ങളുടെ ചോദ്യത്തിലും അത് പ്രകടമാണ്. അങ്ങ് പറഞ്ഞു, റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതുവരെയുള്ള കാലഘട്ടത്തിൽ അടിയന്തിരമായ സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി ലിസ്റ്റ് വാങ്ങിക്കുന്നതിനും അതിന് കഴിയാതെ വന്നാൽ ഐ.എം.ജി. യുടെയോ വൈദഗ്ധ്യമുള്ള ഇതര സ്ഥാപനങ്ങളുടെയോ മേൽനോട്ടത്തിൽ നിയമനം നടത്താനുമുള്ള നടപടി സ്വീകരിക്കുമെന്ന് രണ്ട് മാസത്തിനകം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുമെന്നും മറ്റൊരു ചോദ്യത്തിന് അങ്ങ് മറുപടി പറഞ്ഞു. കേരളത്തിലെ സഹകരണ മേഖലയിൽ രണ്ട് മാസത്തേയ്ക്കുള്ള അടിയന്തിരമായ സാഹചര്യമെന്താണ് നിലനിൽക്കുന്നത്? അതിനുള്ള മാനദണ്ഡമെന്താണ്? ഈ ബില്ലിന്റെ ചർച്ചയിൽ ഞങ്ങൾ ഭയപ്പെട്ടതുപോലെ പിൻവാതിലിലൂടെ നിയമനം നടത്തിക്കൊണ്ടുപോകുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണ് റിക്രൂട്ട്മെന്റ് ബോർഡിന്റെ നിയമനം താമസിപ്പിച്ചുകൊണ്ട് ..... ബഹുമാനപ്പെട്ട കണാരന്റെ ചോദ്യത്തിനും വ്യക്തമായ മറുപടി നൽകിയിട്ടില്ല. റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം തടസ്സപ്പെടുത്തിക്കൊണ്ട് പിൻവാതിലൂടെ നിയമനം നടത്താനുള്ള ബോധപൂർവ്വമായ ശ്രമം നടക്കുന്നുണ്ടോയെന്ന് ഈ ചോദ്യത്തിൽനിന്ന് സംശയിക്കുന്നു. ഈ കാര്യത്തിൽ അങ്ങനെ നടക്കുന്നില്ലെന്ന് ഉറപ്പു വരുത്താനോ, ഇല്ലെങ്കിൽ ഇങ്ങനെ എത്ര സംഘങ്ങൾക്ക് നിയമനത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമായ മറുപടി നൽകാനോ കഴിയുമോ?

ശ്രീ. എസ്. ശർമ്മ : ഇതിൽ ഒരു സംശയത്തിന്റെ പ്രശ്നമില്ല. സി,ഡി ചോദ്യങ്ങൾക്കുള്ള മറുപടിയിലാണ് ഞാൻ അത് പറഞ്ഞത്. ബഹുമാനപ്പെട്ട ഹൈക്കോടതി 813/99-ാം നമ്പർ ഒ.പി. യിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിയമനം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയായിരിക്കണമെന്നും അനിവാര്യമായ സാഹചര്യത്തിൽ ഐ.എം.ജി. പോലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളെ ഏജൻസികളായിട്ട് വച്ച് നിയമനം നടത്താവുന്നതാണെന്നും നിർദ്ദേശിച്ചിരിക്കുന്നത്. ഹൈക്കോടതിയുടെ വിധിയാണ് ഞാൻ ഇവിടെ പരാമർശിച്ചത്. അടിയന്തിര സ്വഭാവമെന്നുവച്ചാൽ സഭ പാസ്സാക്കിയ നിയമത്തെ അടിസ്ഥാനമാക്കി അതിന്റെ ചട്ടത്തിന്റെ കരട് പബ്ളിഷ് ചെയ്തു കഴിഞ്ഞ് അതിന്റെ നടപടിക്രമം പൂർത്തീകരിക്കേണ്ടിവരുന്ന ഒരു ഏകദേശ സമയം മനസ്സിൽ കണക്കുകൂട്ടിയിട്ടാണ് രണ്ടു മാസമെന്ന് പറഞ്ഞത്. അത്രയേയുള്ളൂ.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഭൂജലം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംവിധാനം

3 (*622)ശ്രീ. എൻ. കണ്ണൻ :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഭൂജലം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംവിധാനം ഫലപ്രദമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) തെക്കേ ഇൻഡ്യയിൽ ഭൂജലം ഏറ്റവും കുറച്ച് ഉപയോഗപ്പെടുത്തുന്നത് കേരളത്തിലാണെന്നുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ മഴ കൂടുതൽ ലഭിക്കുന്ന ഇവിടെ മഴവെള്ളം കൂടുതൽ സംഭരിക്കുകയും ഭൂജലം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള കുടിവെള്ള വിതരണ സംവിധാനങ്ങൾക്ക് നടപടി സ്വീകരിക്കുകയും ചെയ്യുമോ;

(ഡി) ആന്ധ്രാപ്രദേശ്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ കുടിവെള്ളവിതരണത്തിനും കൃഷിക്കാർക്കുംവരെ ഭൂജലം ഉപയോഗപ്പെടുത്തിയുള്ള കുഴൽ കിണറുകളാണ് കൂടുതലും ഉപയോഗിച്ചുവരുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കേരളത്തിലെ ഭൂജലത്തിന്റെ തോത് സംബന്ധിച്ച് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ സംസ്ഥാനത്തെ ഭൂജല തോതും സ്ഥലങ്ങളും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഭൂജലം ഉപയോഗിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കുന്നത് ത്രിതലപഞ്ചായത്തുകളും സംസ്ഥാന ഭൂജലവകുപ്പുമാണ്. ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന കുഴൽകിണർ നിർമ്മാണ പദ്ധതികൾക്ക് എല്ലാവിധ സാങ്കേതിക സഹായങ്ങളും ഭൂജലവകുപ്പ് നൽകിവരുന്നു. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കിണർ, കുഴൽകിണർ എന്നിവ നിർമ്മിക്കുന്നതിന് സമീപിക്കുന്നവർക്ക് ആവശ്യമായ സേവനം കുഴൽകിണർ നിർമ്മാണം ഉൾപ്പെടെ ഭൂജലവകുപ്പ് നൽകുന്നുണ്ട്. കൂടുതൽ പ്രവർത്തനക്ഷമത കൈവരിക്കാനായി പുതിയ റിഗ്ഗുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി)&(സി) ഉണ്ട്. മഴവെള്ളം ശേഖരിച്ച് ഭൂജല സ്രോതസ്സ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള ഒരു പദ്ധതി ഭൂജലവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ)&(എഫ്) ഉണ്ട്. കേരളത്തിലെ ഭൂജലസമ്പത്തിനെക്കുറിച്ചുള്ള കണക്കുകൾ അവസാനം തയ്യാറാക്കിയത് 1992-ൽ ആണ്. കേന്ദ്രസർക്കാർ രൂപീകരിച്ച ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി (ജി.ഇ.സി.) യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ബ്ലോക്കടിസ്ഥാനത്തിലാണ് കണക്ക് തയ്യാറാക്കിയത്. ഈ കണക്കുകൾ അനുസരിച്ച് കേരളത്തിൽ 7900.28 എം.സി.എം. ഭൂജലം ലഭ്യമാണ്. ഇതിന്റെ 15.28 ശതമാനം ഉപയോഗപ്പെടുത്തുന്നതായാണ് കണക്കാക്കിയിരിക്കുന്നത്. 1997-ൽ ജി.ഇ.സി. പുറപ്പെടുവിച്ച പുതിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 1992-ൽ തയ്യാറാക്കിയ കണക്കുകൾ പുതുക്കുന്ന ജോലി ഇപ്പോൾ സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ് നടത്തിവരുന്നു. ഭൂജല

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യതയും അതിന്റെ ഉപയോഗത്തിന്റെ തോതും അടിസ്ഥാനപ്പെടുത്തിയുള്ള വിശദവിവരങ്ങൾ അനുബന്ധമായി† ചേർത്തിരിക്കുന്നു.

ശ്രീ. സി.പി. ബാലൻ വൈദ്യർ : ഭൂജലം വളരെ കുറച്ച് ഉപയോഗിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഭൂജലം സ്രോതസ്സ് ഉപയോഗപ്പെടുത്തിയാൽ മറ്റ് നീരുറവകൾ വറ്റിപ്പോകുമെന്നും അതുകൊണ്ട് കഴിയുന്നത്ര കുഴൽക്കിണർ കുഴിക്കുന്നത് ഒഴിവാക്കണമെന്നുമുള്ള ധാരണ എങ്ങനെയോ ജനങ്ങളുടെയിടയിൽ ഉണ്ട്. ഈ ധാരണ ജനങ്ങളുടെയിടയിൽ ചില ഡിപ്പാർട്ടുമെന്റൽ ഉദ്യോഗസ്ഥന്മാർ എത്തിച്ചതാണ്. ഇക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരമാവധി ഭൂജലം ഉപയോഗപ്പെടുത്താനുള്ള നടപടികൾ ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ആ അഭിപ്രായം പൂർണ്ണമായും തെറ്റാണെന്ന് പറയാൻ നിവൃത്തിയില്ല. അതിന് ശാസ്ത്രീയമായ ഒരു പഠനം ആവശ്യമാണ്. പക്ഷേ പൊതുസാഹചര്യങ്ങൾ മനസ്സിലാക്കുമ്പോൾ ഭൂജലത്തിന്റെ ലെവൽ കുറയുന്നതായിട്ടാണ് കണ്ടിട്ടുള്ളത്. അതുകൊണ്ടാണ് ഇതിന് നിയന്ത്രണം വേണമെന്ന് ആവശ്യപ്പെട്ടത്.

ശ്രീ. സി.പി. ബാലൻ വൈദ്യർ : കഴിഞ്ഞ കുറേക്കാലങ്ങളായി കുഴൽക്കിണറുകളിലെ ഹാന്റ് പമ്പും മറ്റുപകരണങ്ങളും ഫലപ്രദമായി പ്രവർത്തിക്കാത്തതിന്റെ ഫലമായി അവ ഉപയോഗശൂന്യമായി കിടക്കുകയാണ്. കമ്മീഷൻ വ്യവസ്ഥയിൽ വളരെ നിലവാരം കുറഞ്ഞ ഉപകരണങ്ങൾ വാങ്ങിയതിന്റെ ഫലമായി, ബഹുമാനപ്പെട്ട മന്ത്രിയുടെ കാലത്തല്ല, വളരെ മുമ്പ് ശ്രീ. എം.പി. ഗംഗാധരന്റെ കാലം തൊട്ട് വാങ്ങിയിട്ടുള്ളതാണ്. ഉപയോഗശൂന്യമായി കിടക്കുന്ന ധാരാളം കുഴൽക്കിണറുകളുണ്ട്. ആ കുഴൽക്കിണറുകൾ ഫലപ്രദമായി ഉപയോഗിക്കാനാവശ്യമായ സഹായം ഗവണ്മെന്റ് ചെയ്തുകൊടുക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : കുഴൽക്കിണറുകളുടെ ആയുസ് സാധാരണ 5,6 വർഷമാണ്. ചിലത് ഒന്നു രണ്ടു വർഷം കഴിയുമ്പോൾ ചീത്തയാകുന്നു. ഇതൊക്കെ താണതരത്തിലുള്ള ഉപകരണങ്ങൾ വാങ്ങി വച്ചതുകൊണ്ടാണോയെന്ന് എനിക്കറിയില്ല. ആയുസ് കുറഞ്ഞ ഒട്ടേറെ കുഴൽക്കിണറുകൾ പല സ്ഥലത്തും പ്രവർത്തിച്ചിട്ടുണ്ട്. ചിലപ്പോൾ അതായിരിക്കുമെന്നല്ലാതെ അതുകൊണ്ടാണെന്ന് പറയാൻ നിവൃത്തിയില്ല.

ശ്രീ. വി.കെ. ചന്ദ്രൻ : കുഴൽക്കിണറുകളുടെ ആവശ്യകത ഏറ്റവും കൂടുതൽ വർദ്ധിച്ചിരിക്കുന്നത് വേനൽക്കാലത്താണ്. വേനൽക്കാലത്ത് കുഴൽക്കിണറുകൾ കുഴിക്കുന്നതിനാവശ്യമായ ഭൂജല വിദഗ്ദ്ധരുടെ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ റിഗ്ഗുകൾ ലഭ്യമാകാത്ത സ്ഥിതിയുണ്ട്. 'No water, no money' എന്ന സ്കീമുമായി തമിഴ്നാട്ടിൽ നിന്നും ചില പ്രൈവറ്റ് വ്യക്തികൾ പാലക്കാട് ജില്ലയിൽ കുഴൽക്കിണർ കുഴിക്കുന്നുണ്ട്. ഗവണ്മെന്റ് ആഫീസുകളിൽ ആവശ്യത്തിനുള്ള റിഗ്ഗുകളില്ലാത്ത പ്രയാസമുണ്ട്. അത് ചില പഞ്ചായത്തുകൾ അനുഭവിക്കുന്നുണ്ട്. അത് പരിഹരിക്കാൻ ആവശ്യമായ റിഗ്ഗുകൾ വാങ്ങാനും ആവശ്യമായ ജീവനക്കാരെ നിയമിക്കാനും അടിയന്തിര നടപടി സ്വീകരിക്കുമോ?

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : റിഗ്ഗുകളുടെ കുറവുണ്ട്. അത് അടിയന്തിരമായി വാങ്ങിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതിനുള്ള കമ്മീഷൻ കൊടുത്തിട്ടുണ്ട്.

ശ്രീ. വി.കെ. ചന്ദ്രൻ : ത്രിതല പഞ്ചായത്തുകൾ മുഖാന്തിരം കുഴിച്ചുവരുന്ന കുഴൽക്കിണറുകളിൽ ധാരാളം യീൽഡ് കുഴിക്കുന്ന സമയത്തുണ്ടെങ്കിലും പമ്പ് ഓപ്പറേഷൻ തുടങ്ങിക്കഴിഞ്ഞാൽ ആവശ്യമായ യീൽഡ് കിട്ടാതെ പല ബോർവെല്ലുകളും നിശ്ചലമായി പോകുന്ന സ്ഥിതിയുണ്ട്. പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖലയിൽ പ്രൈവറ്റ് ഏജൻസി ഒരു കുഴൽക്കിണർ കുഴിച്ച് 255 അടി താഴ്ന്നപ്പോൾ വെള്ളം കിട്ടി. പിന്നീട് വീണ്ടും കുഴിച്ചപ്പോൾ അത് ഗർത്തമായി പോകുകയുണ്ടായി. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് അന്വേഷിക്കുന്നതിന് ഏർപ്പാട് ചെയ്തിട്ടുണ്ട്.

ശ്രീ. എ. അലി ഹസ്സൻ : കേരളത്തിൽ സുലഭമായി ലഭിക്കുന്ന മഴവെള്ളം സംഭരിച്ച് ബൃഹത്തായ പദ്ധതി ഉണ്ടാക്കാനുള്ള ചുമതല ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : ഉപരിതല സ്രോതസ് സംരക്ഷിക്കുന്ന കാര്യത്തിൽ നമ്മൾ കുറേക്കൂടി ശ്രദ്ധചെലുത്തേണ്ടതുണ്ട്. അതിപ്പോൾ തീരെ എങ്ങും നടക്കുന്നില്ല എന്നുതന്നെ പറയാം. തടയണ നിർമ്മിക്കുന്നതിനും മഴക്കാലത്ത് വെള്ളം തടഞ്ഞ് നിർത്തി അത് നമുക്ക് പൂർണ്ണമായി ഉപയോഗിക്കാനും കഴിയുന്നില്ല. ഈ അടുത്ത കാലത്തായി .....

മി. സ്പീക്കർ : മഴക്കാലത്തെ വെള്ളം ഉപയോഗപ്രദമാക്കാനുള്ള സ്കീം കാഞ്ഞിരപ്പള്ളി ഭാഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മഴവെള്ളം സ്റ്റോർ ചെയ്ത് സൂര്യപ്രകാരം ഏൽക്കാതെ സൂക്ഷിച്ചാൽ അത് ശുദ്ധമായ വെള്ളമാണ്. സൂര്യപ്രകാശം ഏൽക്കാൻ പാടില്ല. അക്കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വളരെ പ്രയോജനകരമായ കാര്യമാണ്. ആവശ്യം പോലെ വെള്ളവുമുണ്ടല്ലോ.

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : തിരുവനന്തപുരം ജില്ലയിലെ കരുണാകരഗുരുവിന്റെ ആശ്രമത്തിൽ ഒട്ടേറെ അന്തേവാസികളുണ്ട്. അവർക്കൊക്കെ കുടിക്കാനും കുളിക്കാനുമുള്ള വെള്ളം ശേഖരിക്കുന്നത് മഴവെള്ളം സ്റ്റോർ ചെയ്താണ്. അങ്ങ് പറയുന്നതുപോലെ ടാങ്ക് കെട്ടി വെള്ളം സംരക്ഷിച്ച് ഉപയോഗിക്കുന്നുണ്ട്. അത് പല സ്ഥലത്തും പരീക്ഷിച്ചിട്ടുണ്ട്.

മി. സ്പീക്കർ : അത് എല്ലാവരും പോയി കാണണം. മന്ത്രി ഒന്നു പോയി കാണണം.

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : മഴവെള്ളം ശേഖരിച്ച് ഉപയോഗിക്കുന്ന പല വീടുകളുമുണ്ട്. ടാങ്ക് കെട്ടി അതിൽ വീഴുന്ന മഴവെള്ളം വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന ചില വീടുകളുണ്ട്. ഭൂജല വകുപ്പ് ഉദ്യോഗസ്ഥന്മാർ അങ്ങനെയുള്ള വീടുകൾ സന്ദർശിച്ച് വേണ്ട നിർദ്ദേശങ്ങളൊക്കെ കൊടുക്കുന്നുണ്ട്.

ശ്രീ. എ. അലി ഹസ്സൻ : പല കുഴൽക്കിണറുകളും ഉപയോഗശൂന്യമായത് ശരിയായ പരിശോധനയും ഗവേഷണവും നടത്താത്തതിന്റെ പേരിലാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് പരിഹാര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : എല്ലാ സ്ഥലത്തും ഭൂജലവകുപ്പ് പരിശോധന നടത്തി അതിന്റെ യീൽഡ് സംബന്ധിച്ച കണക്ക് എടുത്തശേഷമാണ് കുഴൽക്കിണറുകൾ നിർമ്മിക്കാറുള്ളത്. ചില പ്രദേശത്ത് ചിലപ്പോൾ പരാജയപ്പെട്ടുകാണുന്നുണ്ട്. അത് വളരെ ചുരുക്കം മാത്രമാണ്. ഒന്ന് രണ്ട് ശതമാനം അല്ലാതെ വ്യാപകമായി അങ്ങനെ ഒരനുഭവം ഇതുവരെ ഉണ്ടായിട്ടില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, കുഴൽ കിണറുകൾ കണ്ടമാനം ഉണ്ടാകുന്നതുകൊണ്ട് അവ സമീപസ്ഥമായ നീരുറവകളെ ബാധിക്കുന്നു എന്ന വാർത്ത തെറ്റിദ്ധാരണയല്ലെന്നും, ഒരു പരിധിവരെ സത്യമുണ്ടെന്നും ശ്രീ. പി. ബാലൻ വൈദ്യർക്ക് ബഹുമാനപ്പെട്ട മന്ത്രി ഇന്ന് മറുപടി നൽകിയ സ്ഥിതിക്ക് ആധികാരികമായി ഇതേപ്പറ്റി ഒരു സർവ്വേ നടത്തി നമ്മുടെ ഭൂജലത്തിന് ആവശ്യമായ സംരക്ഷണം നൽകുന്നതിന് വേണ്ട ഏർപ്പാടുകൾ സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, മെയിൻ ചോദ്യത്തിന്റെ ഉത്തരത്തിൽ അക്കാര്യം പറഞ്ഞിട്ടുണ്ട്. അതിനുള്ള പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്.

ഡോ. കെ.സി. ജോസഫ് : സർ, വാട്ടർ ലോഗ്ഡ് ഏരിയാസിൽ കുഴൽക്കിണർ കുഴിച്ചാൽ അവിടെ കിട്ടുന്ന ജലത്തിൽ അയൺ കണ്ടന്റ് വളരെ കൂടുതൽ ആയിരിക്കുമെന്നും ഉപയോഗക്ഷമമല്ലായെന്നും സി.ഡബ്ല്യു.ആർ.ഡി.എം. ഒരു പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. അത്തരം പ്രദേശങ്ങളിലെ വെള്ളത്തിൽ സാലിനിറ്റി ഉണ്ടാകാൻ സാദ്ധ്യത ഉള്ളതുകൊണ്ട് അത് സോഴ്സ് ആയിട്ട് ഉപയോഗിക്കാൻ കഴിയാത്ത ചില പ്രദേശങ്ങളിൽ ഭൂജലവുമില്ല, സ്വന്തമായ നല്ല ശുദ്ധജല ശ്രോതസ്സുമില്ലാത്ത സ്ഥലങ്ങളിൽ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ എന്ത് നടപടിയാണ് ഗവണ്മെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, നമ്മുടെ സംസ്ഥാനത്ത് രണ്ട് ജില്ലയിലാണ് വ്യാപകമായി കുഴൽക്കിണർ ഉപയോഗിച്ചുള്ള ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഒന്ന് ആലപ്പുഴയിലും മറ്റൊന്ന് കൊല്ലത്തും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആലപ്പുഴയിലെ കുഴൽക്കിണറുകളിലെ വെള്ളത്തിൽ ഫ്ളൂറൈഡ് തുടങ്ങിയ എന്തൊക്കെയോ ചില പ്രശ്നങ്ങൾ ഉണ്ടെന്നും അയൺ കണ്ടന്റ് ഉണ്ട് എന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അത് താൽക്കാലികമായി പരിഹരിക്കാനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. അതിന് സ്ഥായിയായ പരിഹാരം കാണുന്നതിനുവേണ്ടി അച്ചൻകോവിൽ ആറിൽനിന്നും ആലപ്പുഴ മുനിസിപ്പാലിറ്റി അതിന്റെ പരിസരപ്രദേശങ്ങളിലും അതുപോലെതന്നെ കുട്ടനാടും പരിസര പ്രദേശങ്ങളിലും വിപുലമായ ഒരു വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. അത് പൂർത്തിയായിക്കഴിഞ്ഞാൽ, ഒ.ഇ.സി.എഫ്. ന്റെ പ്രവർത്തനം ചേർത്തലയിലും പരിസരപ്രദേശങ്ങളിലും വരുന്നതോടൊപ്പം ആലപ്പുഴ ജില്ലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് ഗവണ്മെന്റിന്റെ വിശ്വാസം.

ശ്രീ. കെ.എം. മാണി : സർ, 'എഫ്' ചോദ്യത്തിന് ഉത്തരമായി പറഞ്ഞത് സംസ്ഥാനത്ത് 7,900 എം.സി.എം. ഭൂജല ലഭ്യമാണ്. അതിന്റെ 15 ശതമാനം മാത്രമാണ് ഇപ്പോൾ ഉപയോഗിക്കുന്നത് എന്നാണ്. പൊട്ടൻഷ്യലിന്റെ 15 ശതമാനമേ നമുക്ക് എക്സ്പ്ലോയിറ്റ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. അതുകൊണ്ട് 50 ശതമാനമെങ്കിലും എക്സ്പ്ലോയിറ്റ് ചെയ്യത്തക്കവണ്ണം, ഉപ

യോഗിക്കത്തവണ്ണം ട്യൂബ് വെല്ലിന്റെ നിർമ്മാണത്തിന് ഒരു തീവ്ര പരിപാടി ആവിഷ്ക്കരിക്കാൻ അങ്ങ് തയ്യാറാകുമോ? അതിനെപ്പറ്റി ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, ഇത്തരം പരിപാടികൾ വ്യാപകമായി നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ഒരു പ്രോജക്ട് ഉണ്ടാക്കി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് താഴോട്ടും പരിശോധനകൾ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വളരെ ഗൗരവമുള്ള ഒരു പ്രശ്നമുണ്ട്. മഴക്കാലത്ത് കിട്ടുന്ന വെള്ളം നമുക്ക് പൂർണ്ണമായി ഉപയോഗിക്കാൻ കഴിയുകയില്ല. കാരണം വെള്ളം സംരക്ഷിക്കാനുള്ള നടപടികൾ കേരളത്തിൽ ഒരു ഭാഗത്തും ഇല്ല. പണ്ടൊക്കെ നമ്മുടെ തറവാടുകളിലെ കുടുംബങ്ങളിൽ കാവും കുളവുമൊക്കെ ഉണ്ടായിരുന്നു.

ശ്രീ. കെ.എം. മാണി : സർ, ഗ്രൗണ്ട് വാട്ടറിനെപ്പറ്റിയാണ് ചോദിച്ചത്. ഗ്രൗണ്ട് വാട്ടർ പാറയ്ക്കടിയിലാണ്.

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, ഗ്രൗണ്ട് വാട്ടർ പൂർണ്ണമായി ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ഞാൻ ആദ്യം തന്നെ മറുപടി പറഞ്ഞപ്പോൾ പറഞ്ഞു, ഒരു പ്രോജക്ട് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട് എന്ന്.

ശ്രീ. പി. രാജു : സർ, കുടിവെള്ള പ്രശ്നം നമ്മുടെ സംസ്ഥാനത്ത് വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് എറണാകുളം ജില്ലയിലാണ്. നമ്മൾ ഇവിടെ കുഴൽക്കിണറുകൾ കുഴിച്ച് ഒരു വർഷം കഴിയുമ്പോൾ അതിൽനിന്നും വരുന്ന വെള്ളത്തിൽ ഒരുപാട് മാലിന്യം കലർന്നിരിക്കുന്നു എന്ന അവസ്ഥയാണ് നമുക്ക് അനുഭവപ്പെടുന്നത്. അതുകൊണ്ട് പലപ്പോഴും കുഴൽക്കിണറുകൾ ഒരു വർഷക്കാലം ഉപയോഗിച്ചിട്ട് ഉപേക്ഷിക്കുന്ന സംവിധാനമാണ് ഇന്നുള്ളത്. ഒരു വർഷം ഉപയോഗിച്ച് കഴിഞ്ഞാൽ അതിലെ വെള്ളം പരിശോധിക്കുന്നതിനും അതോടൊപ്പം തന്നെ മഴവെള്ളം സൂക്ഷിക്കുന്നതിനും ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ശാസ്ത്രീയമായ ഒരു പഠനം നടത്തി കേരളത്തിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ? അതോടൊപ്പം കേരളത്തിലെ ജലനയം എന്താണെന്ന് വ്യക്തമാക്കാനും ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, മഴവെള്ളം സംരക്ഷിക്കുന്നതിനെപ്പറ്റി ഇപ്പോൾത്തന്നെ സ്റ്റഡി നടത്തിയിട്ടുണ്ട്. അതിന് പ്രാഥമികമായ ചില നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. പണ്ട് നമ്മുടെയൊക്കെ പറമ്പുകളിൽ കാവും കുളവുമൊക്കെ ഉണ്ടായിരുന്നു. ഇപ്പോൾ കാവുമില്ല, കുളവുമില്ല. അതൊക്കെ വെട്ടിനശിപ്പിച്ചു. അതൊന്നും കുറ്റംകൊണ്ടല്ല. ജനസംഖ്യ വർദ്ധിപ്പിച്ചപ്പോൾ ആവശ്യങ്ങൾ വർദ്ധിച്ചു എന്നതുകൊണ്ട് വന്നുപോയതാണ്. അതുകൊണ്ട് ത്രിതല പഞ്ചായത്തുവഴി എല്ലാ പഞ്ചായത്തുകളിലും വാർഡുകളിലും പരമാവധി കിണറും, കുളവും കുഴിക്കണമെന്ന് നിർദ്ദേശം നൽകി. പല പഞ്ചായത്തുകളും ജില്ലാടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയുടേയും, ഭൂജലവകുപ്പിന്റേയും നേതൃത്വത്തിൽ വർക്ക് ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ പഞ്ചായത്തുകളിലും, വാർഡുകളിലും ചെറിയ ചെറിയ തോടുകളിൽ വലിയ ചെലവ് ഇല്ലാതെ അടിയണകളും തടയണകളും കെട്ടാനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മഴക്കാലത്ത് ലഭിക്കുന്ന വെള്ളം പരമാവധി ഉപയോഗിക്കുക എന്ന ലക്ഷ്യം വച്ചാണ് ഇങ്ങനെ നിർദ്ദേശം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം.എ. കുട്ടപ്പൻ : ഉപ്പ് വെള്ളത്തിൽ ചുറ്റപ്പെട്ട വൈപ്പിൻപോലുള്ള പല മേഖലകളും കേരളത്തിൽ ഉണ്ട്. ശുദ്ധജലം കിട്ടാൻ വഴിയില്ല. അവിടെ ബോർവെൽ കുഴിച്ചപ്പോൾ ഡോ. കെ.സി. ജോസഫ് പറഞ്ഞതുപോലെ ശുദ്ധജലമല്ല, ഓരുണ്ട്. ഉപയോഗിക്കാൻ പറ്റില്ല. അതുകൊണ്ട് എന്റെ ചോദ്യം പുറത്തുനിന്നും വെള്ളം കൊണ്ടുവരാൻ കഴിയാത്ത സാഹചര്യത്തിൽ കടൽവെള്ളം ശുദ്ധീകരിച്ച് കൊടുക്കാൻ തയ്യാറാകുമോ എന്നാണ്. ഉദാഹരണമായി വൈപ്പിനിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സിയാസിൻ എനർജി ലിമിറ്റഡ് എന്ന കമ്പനി വെള്ളം ശുദ്ധീകരിച്ച് കൊടുക്കാൻ തയ്യാറാണ്. അവരുമായി ടൈ അപ് ചെയ്ത് കടൽ വെള്ളം ശുദ്ധീകരിച്ച് അങ്ങനെയുള്ള മേഖലയിൽ കൊടുക്കാൻ തയ്യാറാകുമോ; അതിന് ഒരു പദ്ധതി ആവിഷ്കരിക്കുമോ? വേറെ മാർഗ്ഗം ഇല്ലാഞ്ഞിട്ടാണ്.

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, ഈയിടെ വിദേശത്തുനിന്നും ഒരു ടീം ഇതിനെ സംബന്ധിച്ച് ചർച്ച ചെയ്യാൻ ഇവിടെ വന്നിരുന്നു. അവരുമായി ചർച്ച ചെയ്ത അവസരത്തിൽ പറഞ്ഞത് ഉപ്പ് വെള്ളം ശുദ്ധീകരിച്ച് ശുദ്ധജലമാക്കുന്നതിന് ചെലവ് കൂടുതലാണ് എന്നാണ്. അതുകൊണ്ട് അതിലേയ്ക്ക് പിന്നെ ഗവണ്മെന്റ് ശ്രദ്ധ തിരിച്ചിട്ടില്ല. എന്തായാലും ഒരു സ്റ്റഡി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു പ്രദേശം എടുത്തിട്ട്, ഒരു ദ്വീപ് എടുത്തിട്ട് പരീക്ഷണാർത്ഥം സ്റ്റഡി നടത്തുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. പി. രാഘവൻ : സർ, ലോകത്തെ ഏറ്റവും വലിയ പ്രശ്നമായി കുടിവെള്ള പ്രശ്നം വരാൻ പോകുന്നു എന്നും, അതിന്റെ പേരിൽ ആഗോള യുദ്ധം തന്നെ നടക്കുമെന്നും ചില പത്രങ്ങളിലൊക്കെ ലേഖനങ്ങൾ വായിക്കുകയുണ്ടായി. ജലത്തിന്റെ ലഭ്യത കുറഞ്ഞുവരുകയാണ്. നമ്മുടെ സംസ്ഥാനത്തിനകത്ത് അനാവശ്യമായി വെള്ളം ഉപയോഗിക്കുന്ന ഒരു സ്ഥിതി ഉണ്ട്. ആവശ്യത്തിന് വെള്ളം കിട്ടാത്ത പ്രശ്നവുമുണ്ട്. അതുകൊണ്ട് ജലനയം കൊണ്ടുവരുന്നതിനെ സംബന്ധിച്ച് ഗവണ്മെന്റ് ആലോചിക്കുമോ? കുഴൽക്കിണറുകൾ ധാരാളമായി വ്യക്തികൾ കുഴിക്കുന്നുണ്ട്. അതുകൊണ്ട് ഇത് നിയന്ത്രിക്കുന്നതിനുള്ള ഒരു നിയമം കൊണ്ടുവരുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിച്ചിട്ടുണ്ടോ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : സർ, അനധികൃതമായി കുഴൽക്കിണർ കുഴിക്കുന്നതിനെ സംബന്ധിച്ച് ഒരു നിയമം കൊണ്ടുവരുന്നതാണ്. അതിനെ സംബന്ധിച്ചുള്ള പഠനം നടന്നുകൊണ്ടിരിക്കുകയാണ്. പിന്നെ വെള്ളം സംരക്ഷിക്കുന്ന കാര്യത്തിൽ ഇപ്പോൾ വെള്ളം ദുർവിനിയോഗം ചെയ്യുന്നുണ്ട്. കാർ കഴുകാനും പശുവിനെ കുളിപ്പിക്കാനും അതുപോലെതന്നെ തെങ്ങിന് ജലസേചനത്തിനും മറ്റും വെള്ളം ദുരുപയോഗപ്പെടുത്തുന്നുണ്ട്. അത് സ്വാഭാവികമാണ്. അത് പരമാവധി തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെള്ളം ദുരുപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ വാട്ടർ കണക്ഷൻതന്നെ നഷ്ടപ്പെടും എന്നൊക്കെ പറഞ്ഞ് അവർക്ക് നിർദ്ദേശം കൊടുക്കാറുണ്ട്. കർശനമായ നടപടിയുമായിട്ട് ചില സന്ദർഭങ്ങളിലൊക്കെ പോയിട്ടുണ്ടെങ്കിലും പല പത്രങ്ങളും എതിർപ്പ് പ്രകടിപ്പിച്ചതുകൊണ്ട് വളരെ സജീവമായി പിന്നെ ഞങ്ങൾ നടപടിയുമായി മുന്നോട്ടുപോയിട്ടില്ല.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, ഭൂജല ഡിപ്പാർട്ടുമെന്റും അതുപോലെ സ്വകാര്യ ഏജൻസികളും കുഴിക്കുന്ന കിണറുകളിൽ പലതിലും വെള്ളം കാണാതിരിക്കുകയും വെള്ളം ഉള്ള സ്ഥലത്തുതന്നെ ആവശ്യത്തിന്

തികയാതിരിക്കുകയും ചെയ്യുന്നു. പലതും പരാജയമാണ്. അതുകൊണ്ട് സ്ഥലനിർണ്ണയം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതിന് ഇപ്പോൾ ശാസ്ത്രീയമായ ഒരു അടിത്തറയില്ല. സർക്കാരിന്റെ തന്നെ ഭീമമായ സംഖ്യ കിണർ കുഴിച്ച് നഷ്ടം വന്നിട്ടുണ്ട്. അതുകൊണ്ട് സ്ഥലനിർണ്ണയ കാര്യത്തിൽ പരാജയം സംഭവിക്കാത്ത എന്തെങ്കിലും ഒരു സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോ; അതിനുവേണ്ടി പരിശീലനം സിദ്ധിച്ച ആളുകളെ നിയോഗിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : സർ, ഭൂജലവകുപ്പിൽ പരിശീലനം സിദ്ധിച്ച വിദഗ്ദ്ധരായ ആളുകൾ ഉണ്ട്. പലയിടത്തും ശാസ്ത്രീയമായ പഠനം നടത്തിയതിനുശേഷമാണ് കുഴൽക്കിണർ നിർമ്മിക്കാറുള്ളത്. അതിൽ ഞാൻ നേരത്തേ പറഞ്ഞതുപോലെ ഒന്നോ രണ്ടോ ശതമാനമൊക്കെ പരാജയപ്പെടുന്നുണ്ട്. അത് സ്വാഭാവികമാണ്. പ്രഗൽഭൻമാരെ കൂടുതൽ വച്ചാലും സ്വാഭാവികമായും അങ്ങനെയൊക്കെ ചിലത് സംഭവിച്ചുകൂടായ്കയില്ല. പരിശോധനയിൽ വളരെ കുറച്ച് പരാജയം മാത്രമേ സംഭവിച്ചതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ.

<u>ശ്രീ. മോൻസ് ജോസഫ്</u> : സർ, കോട്ടയം ജില്ലയിൽ റോട്ടറി ടൈപ്പ് റിഗ് കിട്ടാത്തതുമൂലം വർക്കുകൾ തുടങ്ങാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുകയാണ്. കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നതുകൊണ്ട് ത്രിതല സമിതികൾ ചേർന്ന് ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി, പൈസ അടച്ചിട്ട് ഒരു വർഷമായി. കടുത്തുരുത്തി മണ്ഡലത്തിലെ ഒരു ദ്വീപിൽ വെള്ളം കൊടുക്കാൻവേണ്ടി ഒരു പദ്ധതി ഉണ്ടാക്കി. റോട്ടറി ടൈപ്പ് റിഗ്ഗ് കിട്ടുമെന്ന് പറഞ്ഞ് ഒരു വർഷമായി കാത്തിരിക്കുകയാണ്. മറ്റു പല സ്ഥലങ്ങളിലും അത് കൂടുതലായിട്ട് ഉണ്ടെന്നും പറയുന്നു. അത് കിട്ടുകയാണെങ്കിൽ എത്രയും പെട്ടെന്ന് വർക്ക് തുടങ്ങാൻ കഴിയും. റോട്ടറി ടൈപ്പ് റിഗ്ഗ്, ലഭ്യമാക്കുന്നതിന് ഗവണ്മെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : കോട്ടയം ജില്ലയിൽ റോട്ടറി ടൈപ്പ് റിഗ്ഗ് ഇപ്പോൾ തന്നെ 10 എണ്ണം ഉണ്ട് എന്നാണ് എന്റെ ഓർമ്മ. കൂടുതൽ റിഗ്ഗുകൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ സുതാര്യമാകണമെന്ന് നിർബന്ധമുള്ളതുകൊണ്ട് കാലതാമസം നേരിടുന്നു. വളരെ വേഗം തന്നെ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : ശുദ്ധജലക്ഷാമം ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശമാണ് എന്റെ നിയോജകമണ്ഡലം. അവിടെയുള്ള ഏക ആശ്രയം കെ.ഐ.പി. കനാൽ തുറന്നു വിടുകയെന്നുള്ളതാണ്. കെ.ഐ.പി. കനാൽ സമയത്തു തുറന്നു വിടാത്തതുകൊണ്ട് കിണറുകളിൽ വെള്ളം ഇല്ലാത്ത സ്ഥിതിയുണ്ടായിരിക്കുകയാണ്. വേനൽക്കാലത്ത് ജനങ്ങൾ ഈ കനാലിനെ മാത്രമാണ് ആശ്രയിക്കുന്നത്. ശാസ്താംകോട്ട ഡിസ്ട്രിബ്യൂട്ടറി, ചെറുകുന്നം ഡിസ്ട്രിബ്യൂട്ടറി എന്നിവ തുറന്നുവിടാത്തതുകൊണ്ട് ആ പ്രദേശത്തെ ജനങ്ങൾക്ക് രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുകയാണ്. അങ്ങ് മന്ത്രിയെന്നുള്ള നിലയിലും വ്യക്തിപരമായ നിലയിലും ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ച് പരിഹാരം ഉണ്ടാക്കുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : കെ.ഐ.പി. കമ്മീഷൻ ചെയ്തതല്ല. ഭാഗികമായി മാത്രമേ കമ്മീഷൻ ചെയ്തിട്ടുള്ളൂ. അതുകൊണ്ട് അതിനൊരു വാട്ടർ മാനേജ്മെന്റ് സിസ്റ്റം ഇപ്പോഴില്ല. ഞാൻ തന്നെയാണ് കെ.ഐ.പി.

LIBRARY ARCHIVES Kerala Legislative Assembly

യുടെ വാട്ടർ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ചുമതല വഹിക്കുന്നത്. ഇതുപോലെ പരാതി പറഞ്ഞ സ്ഥലങ്ങളിലൊക്കെ വെള്ളം തുറന്നുവിട്ടു കൊടുക്കുകയാണ്. പ്രശ്നമെന്താണെന്നുവച്ചാൽ ഇത് വ്യാപകമായി തുറന്നുവിട്ടാൽ, പല പാടങ്ങളിലും പലതരം കൃഷിയായതുകൊണ്ട് ചിലയിടത്തു തുറന്നുവിടുന്നതു കൊണ്ട് ദോഷം വരും. ചിലയിടത്ത് തുറന്നു വിട്ടില്ലെങ്കിൽ ദോഷം വരും. പല പാടങ്ങളിലും പല രീതിയിലാണ്. വാട്ടർ മാനേജ്മെന്റ് സിസ്റ്റം ഇപ്പോഴില്ല എന്നു പറയുന്നത് ശരിയാണ്. കാരണം അത് കമ്മീഷൻ ചെയ്തിട്ടില്ല. കമ്മീഷൻ ചെയ്തെങ്കിൽ മാത്രമേ വാട്ടർ മാനേജ്മെന്റ് ഏർപ്പെടുത്താൻ സാധിക്കൂ. പരാതിവരുന്ന സ്ഥലത്ത് പ്രത്യേകം പരിശോധിച്ച് മറ്റ് കൃഷി സ്ഥലങ്ങളിൽ ദോഷം വരാതെ വെള്ളം തുറന്നുവിടുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഇന്ന് വെള്ളം തുറന്നുവിടാൻ ഞാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ</u> : കേരളത്തിന്റെ ഗ്രൗണ്ട് വാട്ടർ ലെവൽ തമിഴ്നാട്ടിലേതിനേക്കാൾ വളരെ താഴെയാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. നമുക്ക് ഇഷ്ടംപോല വെള്ളം ഉണ്ടെങ്കിലും കുടിവെള്ളക്ഷാമം ഉണ്ടെന്നാണ് എല്ലാവരും സൂചിപ്പിക്കുന്നത്. ഇറിഗേഷൻ, ഗ്രൗണ്ട് വാട്ടർ, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾ സംയുക്തമായി ചേർത്തുകൊണ്ട് സുലഭമായി ജലം ജനങ്ങളിൽ എത്തിക്കാൻ കഴിയുന്ന സമഗ്രമായ ഒരു വാട്ടർ മാനേജ്മെന്റ് സിസ്റ്റത്തിന് അങ്ങ് രൂപം നൽകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇവിടെ പ്രധാനപ്രശ്നം മഴക്കാലത്ത് പെയ്യുന്ന വെള്ളം നമുക്ക് സംരക്ഷിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്. രണ്ട് സീസണിലാണ് നമുക്ക് മഴ ലഭിക്കുന്നത്. 3000 മി.മീ. മഴയാണ് രണ്ട് സീസണിലായിട്ട് നമുക്ക് ലഭിക്കുന്നത്. ഇതിന്റെ 10 ശതമാനംപോലും നമുക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്. ഒന്നാമത് നദികൾ നമ്മൾ സംരക്ഷിക്കുന്നില്ല. നമ്മുടെ നാട്ടിൽ കുളങ്ങൾ ഇപ്പോൾ കുറവാണ്. നമ്മുടെ പറമ്പുകളിൽ വീഴുന്ന വെള്ളംപോലും സൂക്ഷിക്കപ്പെടുന്നില്ല. എന്റെ പറമ്പിൽ വീഴുന്ന ഒരു തുള്ളി വെള്ളംപോലും പുറത്തു പോകുകയില്ല. എന്റെ പറമ്പിൽ തന്നെ അത് ഊർന്നൂർന്ന് താഴണം. അത് ഭൂജലത്തിന്റെ സ്രോതസ്സ് കുറയുന്നത് തടയാനും അതുപോലെ തന്നെ ഭൂമി ഫലഭൂയിഷ്ടമാക്കാനും കഴിയും എന്നുള്ള കാര്യം നമ്മുടെ ആളുകൾ ചിന്തിക്കുന്നുമില്ല. അതനുസരിച്ച് പ്രവർത്തിക്കുന്നുമില്ല. അങ്ങനെ ചെയ്യണം എന്ന് നിർദ്ദേശിച്ചുകൊണ്ട് ത്രിതല പഞ്ചായത്തുവഴി വേണ്ട നടപടികൾ സ്വീകരിച്ച് വർക്ക്ഷോപ്പുകൾ നടത്തി, മഴക്കാലത്ത് പെയ്യുന്ന വെള്ളത്തിന്റെ സംരക്ഷണം വലിയൊരു പ്രശ്നമാണെന്ന് പറഞ്ഞിട്ടാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. നദികൾ സംരക്ഷിക്കുന്നതിന് അടിയന്തിരമായി മഴക്കാലത്ത് തടയണ കെട്ടി മഴവെള്ളം തടഞ്ഞു നിർത്തണം. തോടുകളിലും മഴക്കാലത്ത് വെള്ളം തടഞ്ഞു നിർത്തുന്നതിന് തടയണ കെട്ടണം. അത് ശുദ്ധജലമായിത്തന്നെ സംരക്ഷിക്കാനും നമുക്ക് കഴിയണം.

പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ നടപ്പാക്കിയ വായ്പാപദ്ധതികളെക്കുറിച്ച് പഠനം

4 (*623)<u>ശ്രീ. കെ. മുഹമ്മദാലി</u> :

<u>ശ്രീ. കെ. ബാബു</u> :

<u>ശ്രീ. ജോർജ് ജെ. മാത്യു</u> :

<u>ഡോ. എം.എ. കുട്ടപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

(28.3.2000-ത്തിലെ ചോദ്യം 3 (622)-ന്റെ മറുപടി ദയവായി കാണുക.)

ക്രമനമ്പർ	കാറ്റഗറി	ഭൂജലവികസനത്തിന്റെ തോത്	റിമാർക്ക്
1.	വൈറ്റ്	65 ശതമാനത്തിൽ കുറവ്	ഭൂജലവികസനം തുടരുന്നതിന് നിയന്ത്രണമില്ല.
2.	ഗ്രേ	65% മുതൽ 85% വരെ	നിയന്ത്രിതതോതിൽ വികസനം നടത്താം.
3.	ഡാർക്ക്	85%-ത്തിൽ കൂടുതൽ	വികസനം പാടില്ല.

ഇതനുസരിച്ച് ചിറയിൻകീഴ് ബ്ലോക്ക് 1997-ൽ ഡാർക്ക് കാറ്റഗറിയിലും കാസർഗോഡ്, മാള, കൊട്ടാരക്കര എന്നീ ബ്ലോക്കുകൾ ഗ്രേ കാറ്റഗറിയിലും എത്തിയതായി കണക്കാക്കുന്നു. മറ്റുള്ള ബ്ലോക്കുകൾ എല്ലാം വൈറ്റ് കാറ്റഗറിയിലും തുടരുന്നു.

അനുബന്ധം II

(28.3.2000-ത്തിലെ ചോദ്യം നമ്പർ 5 (*624)-ന്റെ മറുപടി ദയവായി കാണുക)

കേരളത്തിലെ തോട്ടം തൊഴിൽ മേഖലയിൽ നിലവിലുണ്ടായിരുന്നതും പുതുക്കി നിശ്ചയിച്ചതുമായ കൂലിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

തൊഴിലാളിയുടെ വിശദീകരണം	തേയില തോട്ടങ്ങൾ		കാപ്പിതോട്ടങ്ങൾ		ഏലതോട്ടങ്ങൾ		റബ്ബർ തോട്ടങ്ങൾ	
	നിലവിൽ ഉള്ള വേതനം	പുതുക്കിയ വേതനം	നിലവിൽ ഉള്ള വേതനം	പുതുക്കിയ വേതനം	നിലവിൽ ഉള്ള വേതനം	പുതുക്കിയ വേതനം	നിലവിൽ ഉള്ള വേതനം	പുതുക്കിയ വേതനം
പ്രായപൂർത്തിയായ തൊഴിലാളികളുടെ വേതനം	28.25 രൂ	34.70 രൂ	28.25 രൂ.	34.42 രൂ	28.25 രൂ.	34.72രൂ	33.29 രൂ	39.29 രൂ
പ്രായപൂർത്തിയാകാത്ത തൊഴിലാളിയുടെ വേതനം	21.19 രൂ.	26.04 രൂ	21.19 രൂ.	25.82 രൂ.	21.19 രൂ.	26.04 രൂ.	24.98 രൂ.	29.47 രൂ.

അനുബന്ധം III

(28.3.2000-ത്തിലെ ചോദ്യംനമ്പർ 8 (*627)-ന്റെ ഉത്തരം ദയവായി കാണുക)

പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം മുൻനിർത്തി പട്ടികജാതി ക്ഷേമ ഉപദേശക സമിതി മുന്നോട്ടുവച്ചിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ.

. . . . .

1215/2010

LIBRARY ARCHIVES Kerala Legislative Assembly